"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ഒറ്റപ്പാലം അയിരൂർ തെക്കുമുറി എ.ജെ.ബി. സ്കൂൾ മാനേജർ സമർപ്പിച്ച പുനഃപരിശോധന ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3628/2025/GEDN തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം. 54/2024/പൊ.വി.വ. തീയതി 01.06.2024
2. പാലക്കാട് ഒറ്റപ്പാലം അയിരൂർ തെക്കുമുറി എ.ജെ.ബി. സ്കൂൾ മാനേജർ സമർപ്പിച്ച പുനഃപരിശോധന ഹർജി
3. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05.12.2024-ലെ ഡിഇഒ ഒടിപി/ബി4/2956/24 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06.12.2025-ലെ ആർഎ1/19715/2024/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ഒറ്റപ്പാലം അയിരൂർ തെക്കുമുറി എ.ജെ.ബി. സ്കൂൾ മാനേജർ സമർപ്പിച്ച പുനഃപരിശോധന ഹർജിയിന്മേൽ ബന്ധപ്പെട്ടവരുടെ വാദം 09.12.2024 തീയതിയിൽ വി-മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. 2018-19 വർഷം പഴയ കെട്ടിടം പൊളിച്ചുമാറ്റി നിർമ്മിച്ച പുതിയ കെട്ടിടത്തിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി നൽകി, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കി നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ്കൂൾ മാനേജർ ചട്ടപ്രകാരം തന്നെയാണ് 2018 വർഷം പഴയ സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിഞ്ഞിട്ടുള്ളത്. 2018 ഏപ്രിൽ മാസത്തിൽ കെട്ടിടത്തിന്റെ പണി പൂർത്തിയായശേഷം 2018-19 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് എൻജിനീയർ നൽകുകയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

അംഗീകരിക്കുകയും ചെയ്തിരുന്നു. **2019-20** വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് അസിസ്റ്റന്റ് എൻജിനീയറെ സമീപിച്ചപ്പോഴാണ് **2018-19** വർഷം പുതിയ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടിയിരുന്നത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നാണ് എന്ന് മാനേജർ അറിയുന്നത്. തുടർന്ന് മാനേജർ **47,016/-** രൂപ സൂപ്പർ വിഷൻ ചാർജായി ട്രഷറിയിൽ ഒടുക്കുകയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തതിനെ തുടർന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തിക നിർണയ ഉത്തരവ് നൽകുകയും ചെയ്തു. എന്നാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിശോധനയിൽ **2018-19** വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഒരു വർഷത്തിൽ കൂടുതൽ കാലതാമസം ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയതിനാൽ തസ്തിക നിർണയ ഉത്തരവിൽ ഒബ്ജക്ഷൻ രേഖപ്പെടുത്തി. നിശ്ചിതസമയത്തിനുള്ളിൽ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് മാപ്പപേക്ഷ നൽകാൻ കഴിയാതെ വന്നതിനാൽ ഈ കാലതാമസം മാപ്പാക്കി **2018-19** വർഷത്തെ തസ്തിക നിർണയ ഉത്തരവിലെ ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കി നൽകണമെന്നാണ് മാനേജർ അഭ്യർത്ഥിക്കുന്നത്.

**3.** പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് പ്രകാരം, **2018-19** വർഷത്തെ തസ്തിക നിർണയത്തിൽ **1** മുതൽ **4** വരെ ക്ലാസ്സുകളിലായി ഓരോ ഡിവിഷൻ വീതം ആകെ നാല് ഡിവിഷനുകളും അനുബന്ധ തസ്തികകളും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചിരുന്നു. എന്നാൽ ടി വർഷം പുതുതായി നിർമ്മിച്ച കെട്ടിടത്തിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ഡിവിഷനുകളും തസ്തികകളും അനുവദിച്ചതെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ കണ്ടെത്തുകയും തടസവാദം ഉന്നയിക്കുകയും ചെയ്തു. തുടർന്ന്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ കൂടിക്കാഴ്ചയിൽ, പുതിയ കെട്ടിടത്തിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിൽ സംഭവിച്ച വീഴ്ച മാപ്പാക്കുന്നതിന് സർക്കാരിൽ അപേക്ഷ സമർപ്പിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകി. **2018-19** വർഷം പുതിയതായി നിർമ്മിച്ച കെട്ടിടത്തിന് **31.05.2018**-ന് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ **2018-19** വർഷത്തെ തസ്തിക നിർണയം നടത്തുകയും ഡിവിഷനുകളും തസ്തികകളും അനുവദിക്കുകയും ചെയ്തത്. **2019-20** വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ **07.06.2019**-ലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മാനേജർ ഹാജരാക്കിയിട്ടുള്ളതിനാൽ ടി വർഷം തസ്തിക നിർണയത്തിൽ തടസ്സവാദം നിലനിൽക്കുന്നില്ല. **2017-18** വർഷം തസ്തിക നിർണയത്തിനു പരിഗണിച്ച മൂന്ന് ക്ലാസ് മുറികളുള്ള പ്രീ കെ.ഇ.ആർ. കെട്ടിടം **2018-19**-ൽ പൊളിച്ചു മാറ്റിയതിനാൽ **2018-19** വർഷത്തെ തസ്തിക

നിർണയത്തിന് പുതിയ കെട്ടിടം പരിഗണിച്ചാൽ മാത്രമേ 1 മുതൽ 4 ക്ലാസ് വരെ ഓരോ ഡിവിഷൻ വീതം 4 ഡിവിഷനുകളും അനുബന്ധ തസ്തികകളും അനുവദിക്കുവാൻ കഴിയൂ.

4.മേൽ സാഹചര്യത്തിൽ, 31.05.2018-ന് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷത്തെ തസ്തിക നിർണയം നടത്തുകയും ഡിവിഷനുകളും തസ്തികകളും അനുവദിക്കുകയും ചെയ്ത ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി സാധൂകരിച്ച് പാലക്കാട് ഒറ്റപ്പാലം അയിരൂർ തെക്കുമുറി എ.ജെ.ബി. സ്കൂൾ മാനേജർ സമർപ്പിച്ച പുനഃപരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ), തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം

മാനേജർ, അയിരൂർ തെക്കുമുറി എ.ജെ.ബി. സ്കൂൾ, ഒറ്റപ്പാലം, പാലക്കാട്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
സെക്ഷൻ ഓഫീസർ
Date: 03-06-2025 11:11:14